PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY

Third Session—1955.

(Second Meeting.)

Tuesday, the 22nd November, 1955.

VOL. XIV] OFFICIAL REPORT [No. 15

LIBRARY ARCHIVES Kerala Legislative Assembly

The Assembly met in the Assembly Chamber, Trivandrum, at Eight of the Clock on Tuesday, the 22nd November 1955, with Mr. Speaker in the Chair.

QUESTIONS AND ANSWERS.

(The number within brackets indicates the number in the list of admitted questions for the day.)

ORAL ANSWERS.

പേ കമ്മീഷൻ റിപ്പോർട്ട്:

* 665. [1] ശ്രീ. പി. കെ. മൂത്തേടത്തുകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശമ്പളപരിഷ്കരണം സംബന്ധിച്ച് ഏർപ്പെടുത്തിയ പേ കമ്മീഷൻ റിപ്പോർട്ട് ഗവണ്മെൻറ് പ്രസിദ്ധീകരിച്ച് നടപ്പിലാക്കാത്തതെന്തു ;

(ബി) എപ്പോഴേയ്ക്കു പ്രസിദ്ധീകരിക്കും;

(സി) എന്തെങ്കിലും ഭേദഗതി ഈ റിപ്പോർട്ടിൽ വരുത്തുമോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ശമ്പളപരിഷ്കരണം സംബന്ധിച്ച് ഏർപ്പെടുത്തിയ പേ കമ്മീഷൻ റിപ്പോർട്ട് ഗവണ്മെൻറ് പരിഗണനയിൽ ഇരിക്കയാണ്. എത്രയും ദിവസത്തിനുള്ളിൽ അതിന്മേൽ ഉള്ള ആർഡർ പ്രസിദ്ധപ്പെടുത്തുന്നതാണ്.

(ബി) കമ്മിറ്റിയുടെ ശുപാർശയിന്മേൽ തീരുമാനമുണ്ടാകുമ്പോൾ റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നതാണ്.

(സി) - ഇപ്പോൾ ഈ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. പി. കെ. യശോധരൻ : പേ കമ്മീഷൻ റിപ്പോർട്ട് ഗവ ണ്മെൻറിലേയ്ക്ക് സമർപ്പിച്ചതു് എന്നാണു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : സമർപ്പിച്ചിട്ട് രണ്ടുമൂന്നു മാസമായി.

ശ്രീ. പി. കെ. യശോധരൻ : ഇതേവരെ അതിനെപ്പറ്റി പ്രൊ സീഡിംഗ്സ് പാസ്സാക്കാതിരിക്കാൻ പ്രത്യേകം കാരണമെന്താണു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : റിപ്പോർട്ട് പരിശോധി ക്കുകയായിരുന്നു.

ശ്രീ. പി. കെ. യശോധരൻ : കഴിഞ്ഞ നിയമസഭയിൽ അവസാന തീരുമാനമെടുക്കുന്നതിനുമുൻപു് റിപ്പോർട്ട് ഈ സഭയുടെ ചർച്ചയ്ക്കു വയ്ക്കുമെന്നു് പറഞ്ഞിട്ടില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങനെ പറഞ്ഞിട്ടില്ല. കരാർ അങ്ങനെ സൈൻ ചെയ്തു; അതു് ആലോചിക്കാമെന്നു പറഞ്ഞു.

ശ്രീ. പി. കെ യശോധരൻ : ഇത്ര പ്രധാനപ്പെട്ട ഒരു കാര്യത്തെ സംബന്ധിച്ചു് പ്രത്യേകിച്ചു് രാജ്യത്തെ സിവിൽ സർവീസിനെ സംബന്ധി ച്ചുള്ള റിപ്പോർട്ട് ഈ സഭയുടെ ചർച്ചയ്ക്കു വയ്ക്കേണ്ടതല്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇപ്പോൾ ആവശ്യമായി ട്ടുള്ളതു് റിപ്പോർട്ടിന്മേൽ അവസാന തീരുമാനം എത്രയും വേഗത്തിൽ എടുക്കുകയെന്നുള്ളതാണു്.

ശ്രീ. ടി. കെ. ദിവാകരൻ : അതുകഴിഞ്ഞു് റിപ്പോർട്ട് സഭയുടെ ചർച്ചയ്ക്കു വയ്ക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : റിപ്പോർട്ട് പ്രസിദ്ധപ്പെ ടുത്തിക്കഴിഞ്ഞാൽ പിന്നീടു് സഭ കൂടുന്ന അവസരങ്ങളിലൊക്കെ പ്രസക്ത മായ അവസരങ്ങളിൽ അതിനെപ്പറ്റി ചർച്ചചെയ്യാവുന്നതാണു്.

ശ്രീ. യു. നീലകണ്ഠൻ : റിപ്പോർട്ടിൽ അദ്ധ്യാപകന്മാരുടെ ശമ്പ ളത്തെ സംബന്ധിച്ചു് എന്തെങ്കിലും ഉണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഉണ്ടെന്നാണു് തോന്നുന്നതു്.

ശ്രീ. പി. ഭാസ്കരൻ നായർ : കമ്മീഷന്റെ പ്രവർത്തനം ഇപ്പോഴും തുടരുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇല്ല.

ശ്രീ. ടി. എ. മജീദ് : പ്രൈവറ്റ് സ്കൂൾ അദ്ധ്യാപകന്മാരുടെ പ്രശ്നം ഇവർക്കു വിട്ടുകൊടുത്തിട്ടില്ലെന്നു അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : സർക്കാർ അദ്ധ്യാപകന്മാ രുടെ തുല്യനിലയിൽ അവരുടെ ശമ്പളം കൂട്ടണമെന്നു പറയുമ്പോൾ പ്രത്യേകമായി വിട്ടുകൊടുക്കേണ്ട ആവശ്യമില്ല.

LIBRARY ARCHIVES Kerala Legislative Assembly